(ബി) കിൻഫ്രായുടെ പ്രവർത്തനം കൊണ്ട് വ്യവസായ മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കിൻഫ്രായ്ക്ക് കേരളത്തിൽ എത്ര ബ്രാഞ്ച് ഓഫീസുകൾ ഉണ്ട്; ഇവ എവിടെയെല്ലാം;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിൻഫ്രായ്ക്ക് പുതുതായി ഏതെങ്കിലും ബ്രാഞ്ചുകൾ തുടങ്ങിയിട്ടുണ്ടോ?

ഉത്തരം

(എ) വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതികളാണ് കിൻഫ്ര ഏറ്റെടുത്ത് നടത്തുന്നത്.

(ബി) വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യം ലഭ്യമാക്കാനായി വിവിധ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കിവരുന്നതേയുള്ളൂ എന്നതിനാൽ നേട്ടങ്ങൾ വിലയിരുത്താറായിട്ടില്ല.

(സി) കിൻഫ്രയ്ക്ക് ബ്രാഞ്ച് ഓഫീസുകൾ ഒന്നുംതന്നെയില്ല. ഹെഡ് ഓഫീസ് കൂടാതെ പ്രോജക്ട് ഓഫീസുകളും കിൻഫ്രായുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള കമ്പനികളുടെ ഓഫീസുകളുമാണ് കിൻഫ്രയ്ക്ക് ഉള്ളത്. കിൻഫ്രായുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്ക് കേശവദാസപുരത്തും കിൻഫ്രാ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് എറണാകുളത്ത് കാക്കനാട്ടും പ്രവർത്തിക്കുന്നു.

(ഡി) കണ്ണൂർ എയർപോർട്ടിന്റെ പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി കിൻഫ്രായെ നിയമിച്ചതിനെ തുടർന്ന് ഇതിന്റെ മാത്രം പ്രവർത്തനങ്ങൾക്കായി ഒരു ലെയ്സൺ ഓഫീസ് കണ്ണൂർ കളക്ടറേറ്റിൽ ആരംഭിച്ചു. ഇതിനുപുറമേ, കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസിൽ കിൻഫ്രാ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെ പ്രോജക്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

23 (525) സംസ്ഥാനത്തെ കേന്ദ്രനിക്ഷേപം

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം എത്രയായിരുന്നു;

(ബി) ഇത് കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ എത്ര ശതമാനം വരും;

(സി) ഇപ്പോൾ സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം എത്രയാണ്;

(ഡി) ഇത് കേന്ദ്രഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ (1996) സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം 3390 കോടി രൂപയായിരുന്നു.

(ബി) ഇത് കേന്ദ്രഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ 1.32% വരും.

(സി) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്തെ കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം 31.3.97-ൽ 3991.76 കോടി രൂപയും 31.3.98-ൽ 4715.80 കോടി രൂപയും ആയിരുന്നു.

(ഡി) ഇത് കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ യഥാക്രമം 1.40 ശതമാനവും 1.50 ശതമാനവുമാണ്.

24 (526) കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി

പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഏതെങ്കിലും വിദഗ്ദ്ധ സമിതിയെ നിയമിച്ചിരുന്നോ;

(ബി) എങ്കിൽ എന്നാണ് കമ്മിറ്റിയെ നിയമിച്ചതെന്നും ആരെല്ലാമാണ് അതിലെ അംഗങ്ങൾ എന്നും വ്യക്തമാക്കുമോ;

(സി) കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ;

(ഡി) എങ്കിൽ എന്തെല്ലാമാണ് പ്രധാന നിഗമനങ്ങളെന്നും ശുപാർശകളെന്നും വിശദമാക്കുമോ?

(ഇ) ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിയമിച്ചിരുന്നു.

(ബി) 30.07.1997ലെ ജി.ഒ. (ആർ.ടി) 8.9.97 വ്യ:വ ഉത്തരവ് പ്രകാരമാണ് പ്രസ്തുത കമ്മിറ്റിയെ നിയമിച്ചത്.

കമ്മിറ്റി അംഗങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി) ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തോട്ടണ്ടി ദൗർലഭ്യം കുറയ്ക്കുന്നതിന് സംസ്ഥാനത്ത് കശുമാവ് കൃഷി വികസിപ്പിക്കുക, സർക്കാർ ഓഫിസുകൾ, വിദ്യാലയങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, പുറമ്പോക്കുകൾ എന്നിവിടങ്ങളിലെ തരിശുഭൂമിയിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും അതിനുവേണ്ട സഹായം സർക്കാർ നൽകുകയും ചെയ്യുക. കശുവണ്ടി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly